# കാലിക്കറ്റ് സർവ്വകലാശാല
## ഡയറക്ടറേറ്റ് ഓഫ് അഡ്മിഷൻസ്

**പത്രക്കുറിപ്പ്**

**ബി.എഡ് പ്രോഗ്രാം പ്രവേശനം 2023**

കാലിക്കറ്റ് സർവ്വകലാശാലയുടെ 2023-24 അധ്യയന വർഷത്തേക്കുള്ള ബി.എഡ്. പ്രോഗ്രാം പ്രവേശനത്തിന് രജിസ്റ്റർ ചെയ്തവർക്ക് (കൊമേഴ്സ് ഓപ്ഷൻ ഒഴികെ) അപേക്ഷയിലെ തെറ്റുകൾ തിരുത്തുന്നതിന് ആഗസ്റ്റ് 4 ന് വൈകിട്ട് 5 മണി വരെ സൗകര്യം ലഭിക്കുന്നതാണ്.

ഒന്നാം ഓപ്ഷൻ ലഭിച്ച് സ്ഥിരം പ്രവേശനം നേടിയവരും, ഹയർ ഓപ്ഷൻ ക്യാൻസൽ ചെയ്ത് സ്ഥിരം പ്രവേശനം നേടിയവരുമായ വിദ്യാർത്ഥികൾ ഒഴികെയുള്ളവർക്ക് എഡിറ്റ് ഓപ്ഷൻ ലഭ്യമായിരിക്കും.

രണ്ടാം അലോട്ട്മെന്റ് ലഭിച്ച് ഇൻഡക്സ് മാർക്ക്, വെയിറ്റേജ് മാർക്ക്, റിസർവേഷൻ കാറ്റഗറി, കോളേജ് ഓപ്ഷൻ മുതലായവയിലെ തെറ്റുകൾ കാരണം പ്രവേശനം എടുക്കാൻ കഴിയാതിരുന്നവർക്കും എഡിറ്റിംഗ് സൗകര്യം ഉപയോഗിക്കുന്നതിന് വിധേയമായി വെയിറ്റിംങ് റാങ്ക് ലിസ്റ്റിലേക്ക് പരിഗണിക്കുന്നതാണ്. എഡിറ്റ് ചെയ്യുന്നവർ പുതുക്കിയ അപേക്ഷയുടെ പ്രിന്റൗട്ട് നിർബന്ധമായും എടുക്കേണ്ടതാണ്.

ഇതുവരെ രജിസ്റ്റർ ചെയ്യാത്ത വിദ്യാർത്ഥികൾക്ക് (295 രൂപ ലെയ്റ്റ് ഫീയോടുകൂടി) ലെയ്റ്റ് രജിസ്ട്രേഷൻ ചെയ്യുന്നതിനുള്ള സൗകര്യം (കൊമേഴ്സ് ഓപ്ഷൻ ഒഴികെ) ആഗസ്റ്റ് 4 ന് വൈകിട്ട് 5 മണി വരെ https://admission.uoc.ac.in എന്ന വെബ്സൈറ്റിൽ ലഭ്യമാവും. മുമ്പ് രജിസ്റ്റർ ചെയ്തവരുടെ അഭാവത്തിൽ മാത്രമേ ലേറ്റ് രജിസ്ട്രേഷൻ ചെയ്തവരെ മെറിറ്റ് സീറ്റുകളിലേക്ക് പരിഗണിക്കുകയുള്ളൂ.

ഫോൺ : 0494 2407016, 2660600.

(ഒപ്പ്)

**ഡയറക്ടർ**

C.U. Campus
02.08.2023

To

പബ്ലിക് റിലേഷൻസ് ഓഫീസർ (14 ജില്ലകളിലും പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി)